# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി3-1023/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി3-1023/21 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 18-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 18-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റര്

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്മിണി.ബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സബീന.എസ് | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി.ശ്രീദേവി.പി | സെക്രട്ടറി | 15-07-2019 | 30-11-2019 |

| | | | |
|---|---|---|---|
| ശ്രീ. ടി.ഉല്ലാസ് കുമാർ | സെക്രട്ടറി | 02-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മീര | കൃഷി ഓഫീസർ | 01-04-2019 | 27-09-2019 |
| | | 18-10-2019 | 31-03-2020 |
| ശ്രീമതി. രേഷ്മ | കൃഷി ഓഫീസർ | 28-09-2019 | 17-10-2019 |
| ശ്രീമതി. അർച്ചന എസ്. നായർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ. രാജൻ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. മണിക്കുട്ടൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 01-08-2019 |
| | | 02-12-2019 | 31-03-2020 |
| ശ്രീ. മോഹൻദാസ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2019 | 01-12-2019 |
| ശ്രീ.വിനോദ്കുമാർ.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പല്ലന | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺകുമാർ.ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തൃക്കുന്നപ്പുഴ | 01-04-2019 | 31-03-2020 |
| ഡോ.ശരത് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, (ഫിഷറീസ്) | 01-04-2019 | 31-03-2020 |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ഹരീത് ജെറാൾഡ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീദേവി.എം.എം | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രീതാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 09-12-2019 |
| ശ്രീമതി. നാജില നബീസത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-12-2019 | 31-03-2020 |
| ശ്രീ.കൃഷ്ണേണകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലീനഡെന്നിസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-08-2019 |
| ശ്രീമതി. ലൂസി | ഫിഷറീസ് സബ് | 01-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-1 |
| 2 | ബജറ്റിന്റെ അവലോകനം നടത്തുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-6 |
| 9 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-7 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-8 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 11-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-10 |
| 13 | ഓഡിറ്റ് ഇംപാക്ക്- ബാലസഭാ പ്രവർത്തനങ്ങൾ- തുക തിരികെ ഒടുക്കി<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-11 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-12 |
| 15 | ഓഡിറ്റ് ഇംപാക്ട് -നികുതി പുനർനിർണ്ണയിച്ച് ഈടാക്കി<br>Written By: Lekha (Auditor, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-13 |
| 16 | പദ്ധതി നിർവഹണം കാര്യക്ഷമമല്ല- ഫണ്ടുകൾ ലാപ്സാവുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-14 |
| 17 | തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-15 |

| | | |
|---|---|---|
| 18 | കിഴങ്ങ് വർഗ്ഗ കൃഷി - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-16 |
| 19 | ഇ.എം.എസ് ലോൺ തിരിച്ചടവ്-ചെലവ് രേഖപ്പെടുത്തിയിട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-01-2022) | 1-17 |
| 20 | മാലിന്യ സംസ്കരണം- ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-18 |
| 21 | നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-19 |
| 22 | സോഴ്സ് ഡിഡക്ഷൻ- യഥാസമയം ജി.ഒ പ്രോജക്ട് ആവിഷ്കരിച്ച് ഉൾപ്പെടുത്തിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-20 |
| 23 | അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-21 |
| 24 | സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും-ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നല്കി<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-22 |
| 25 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി കരാറുകാരന് അധിക തുക നല്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-23 |
| 26 | പാനൂർ സ്കൂൾ ത്രീഫേസ് ആക്കുന്നത്- അധിക തുക തിരികെ ലഭ്യമായില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-24 |
| 27 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് -സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-25 |
| 28 | മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ഇൻസ്റ്റലേഷൻ റിപ്പോർട്ടും ടാക്സ് ഇൻവോയ്സും- ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-26 |
| 29 | സപ്ലൈ ചെയ്യതിനേക്കാൾ കൂടുതൽ അളവിന് മൂല്യ നിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-27 |
| 30 | മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-28 |
| 31 | ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-29 |
| 32 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-30 |
| 33 | കിഴക്കേക്കര എൽ.പി.എസ് അസംബ്ലി ഹാൾ/കഞ്ഞിപ്പുര നിർമ്മാണം- | 1-31 |

| | | |
|---|---|---|
| | അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | |
| 34 | KMSCL മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-32 |
| 35 | നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-33 |
| 36 | ഗുണഭോക്തൃവിഹിതം രണ്ടുതവണ അടവാക്കിയത് കൃഷി ഓഫീസർക്ക് തിരിച്ച് നൽകിയതിന്റെ വിനിയോഗവിവരമില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-34 |
| 37 | കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-35 |
| 38 | കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-36 |
| 39 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗുണഭോക്തൃവിഹിതം രണ്ടുതവണ അടവാക്കിയത് കൃഷി ഓഫീസർക്ക് തിരിച്ച് നൽകിയതിന്റെ വിനിയോഗവിവരമില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-1 |
| 2 | തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-2 |
| 3 | അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-3 |
| 4 | കിഴക്കേക്കര എൽ. പി.എസ് അസമ്പ്ലിഹാൾ/കഞ്ഞിപ്പുര നിർമ്മാണം- അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-4 |
| 5 | മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-5 |
| 6 | കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-6 |
| 7 | സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിന് മൂല്യ നിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-7 |
| 8 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി- കരാറുകാരന് അധിക തുക നല്കി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.<br>Written By: Pushparaj V.K (Asst. Audit Officer, On 30-11-2021) | 3-8 |

| | | |
|---|---|---|
| | Last Updated By: Pushparaj V.K (Asst. Audit Officer, On 30-11-2021) | |
| 9 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി കരാറുകാരന് അധിക തുക നല്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Rajeev R (Deputy Director, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 3-8 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: C.C Jyothimon (Audit Officer, On 17-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 17-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 13.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് റിവൈസ്ഡ് ബജറ്റ് 14.2.2020 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 380387118 | 314873706 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 175136507 | 173523156 |

### 1-1-1 ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 24, തീയതി 16.11.2021) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 21.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6, എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് – ജനറൽ ഇനത്തിലുള്ള തൻവർഷത്തെ ചെലവ് 17482519/-രൂപയാണ്. എന്നാൽ സ.ഉ(സാധാ)2772/2019/ധന തീയതി 03.04.2019 പ്രകാരമുള്ള ഉത്തരവ് പ്രകാരം പഞ്ചായത്തിന് വികസന ഫണ്ടിനത്തിൽ അനുവദിച്ചിട്ടുള്ള അലോട്ട്മെന്റിൽ നിന്നും കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശികയിനത്തിൽ 3871/-രൂപ സോഴ്സിൽ നിന്നും ഡിഡക്ട് ചെയ്തിട്ടുണ്ട്. ഈ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

2.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6, പ്രകാരം Contributions Towards Joint Venture Projects From District Panchayats ഇനത്തിലുള്ള തൻവർഷത്തെ ചെലവിനായുള്ള വരവ് 11749911/-രൂപയാണ്. എന്നാൽ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ചെലവ് 11246446/- രൂപയാണ്.

3.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്

ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

4.കെട്ടിട നിർമാണ പെർമിറ്റ് ഫീ, ലേലം എന്നീയിനങ്ങളുടെ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5.ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ, എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Development Fund- General ഇനത്തിൽ 807992/-രൂപയും, Development Fund- Central Finance Commission Grant ഇനത്തിൽ 626887/-രൂപയും ബാധ്യതയായി അവശേഷിക്കുന്നു. Development Fund -General ഇനത്തിലുള്ള തുക 31.03.2016-ലെ ബാലൻസ് ഷീറ്റ് മുതലും, Development Fund- Central Finance Commission Grant ഇനത്തിലുള്ള തുക 31.03.2018-ലെ ബാലൻസ് ഷീറ്റ് മുതലും, ഇതേ തുക തന്നെ ബാലൻസായി അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു.

8.ഗ്രാമ പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം Secured Loan From Co-operative Banks എന്നയിനത്തിൽ 674450/- രൂപ ബാധ്യത നിലനിന്നിരുന്നു. എന്നാൽ 2019-20 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം Secured Loan From Co-operative Banks എന്നയിനത്തിൽ യാതൊരുവിധ ബാധ്യതയും നിലനില്ക്കുന്നതായി രേഖപ്പെടുത്തലില്ല. വാർഷിക ധനകാര്യ പരിശോധിച്ചതിൽ ഈയിനത്തിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലൊ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലൊ ഇതുമായി ബന്ധപ്പെട്ട ചെലവുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. മാത്രവുമല്ല പഞ്ചായത്തിന്റ 2019-20 സാമ്പത്തിക വർഷത്തെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലും ഈ പദ്ധതിയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17625000 | 17625000 | 4626489 | 12859901 | 138610 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3057000 | 3057000 | 73529 | 2461079 | 522392 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 4593000 | 4593000 | 00 | 4356410 | 236590 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 5120000 | 5120000 | 00 | 3166075 | 1953925 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 13473321 | 13473321 | 00 | 6614169 | 6859152 (ലാപ്സ്ഡ്) |

3.4.2019 ലെ സർക്കാർ ഉത്തരവ് 2772/2019 പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡ് കുടിശികയിനത്തിൽ വികസനഫണ്ട് ജനറലിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത 3871/-രൂപയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (4626489/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 12998511 | 12998511 | 17482519 | (-)4484008 |
| യഥാർത്ഥ തുക | 0 | 17625000 | 17625000 | 17486390 | 138610 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (73529/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 2983471 | 2983471 | 2534608 | 448863 |
| യഥാർത്ഥ തുക | 0 | 3057000 | 3057000 | 2534608 | 522392 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 128 | 176050066 | 84 | 93539146 | 7 | 37 | 65.6 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20778604 |
| വരവ് | 124122159 |
| ആകെ | 144900763 |
| ചെലവ് | 107239922 |
| നീക്കിയിരിപ്പ് | 37660841 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 169631 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3026877 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 116703 | 1299981 | 1416684 | 1117404 | 299280 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 48827687 | 48827687 | 48827687 | 00 |
| ആകെ | 116703 | 50127668 | 50244371 | 49945091 | 299280 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 228480 | 212 |
| കർഷകതൊഴിലാളി പെൻഷൻ | 562200 | 103 |
| വിധവാപെൻ ഷൻ | 4367400 | 801 |
| വാർദ്ധക്യകാല പെൻഷൻ | 9271800 | 2053 |
| വികലാംഗപെൻഷൻ | 2278000 | 406 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 241200 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.11.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ

രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

## 1-11 ഓഡിറ്റ് ഇംപാക്റ്റ്- ബാലസഭാ പ്രവർത്തനങ്ങൾ- തുക തിരികെ ഒടുക്കി

പ്രോജക്ട് നം.22/20

പ്രോജക്ടിന്റെ പേര്: ബാലസഭാ പ്രവർത്തനങ്ങൾ

അടങ്കൽ -വികസന ഫണ്ട് : 57000/-രൂപ

ചെലവ്:- 57000/-രൂപ (ട്രഷറി ബിൽ നം.9 തീ.13.03.2020)

നിർവഹണം:- ഐ.സി.ഡി.എസ് സൂപ്പർവൈസർ

2019-20 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് വെക്കേഷൻ സമയത്ത് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും, പഠനയാത്ര നടത്തുന്നതിനുമായി 57000/-രൂപ സി.ഡി.എസ്-ന്റെ തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്യാമ്പ് സംഘടിപ്പിക്കാനായിട്ടില്ലായെന്നും ടി തുക സി.ഡി.എസ്-ന്റെ തനത് ഫണ്ട് അക്കൌണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചു. തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ തിരികെ വികസന ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2 തീയതി 02.11.2021) നല്കി. തുടർന്ന് തുക 09.11.2021 -ലെ KL015690302202122M നമ്പർ ട്രഷറി ചെലാൻ പ്രകാരം വികസന ഫണ്ടിലേയ്ക്ക് തിരിച്ചടച്ചു.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1)ഗ്രാമ പഞ്ചായത്തിലെ 2019-20 ലെ തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിരിക്കുന്ന 6 കയർ സഹകരണ സംഘങ്ങളെയും, 2 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 3/361,363 | കയർ സഹകരണ സംഘം നം-461 | 1 & 2 |
| 2 | 4/2 | കയർ സഹകരണ സംഘം നം-650A | ,, |
| 3 | 6/31,32 | കയർ സഹകരണ സംഘം നം-486 | ,, |

| | | | |
|---|---|---|---|
| 4 | 6/450 | കയർ സഹകരണ സംഘം നം-722 | ,, |
| 5 | 15/75 | കയർ സഹകരണ സംഘം നം-687 | ,, |
| 6 | 13/267 | സി.വി.എസ്.ലിമിറ്റഡ്,പാനൂർ | ,, |
| 7 | | കുമരകോടി ക്ഷീരസഹകരണ സംഘം 279D | ,, |
| 8 | | പതിയാങ്കര ക്ഷീരസഹകരണസംഘം 160D | ,, |

ഇരു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/12.11.21) നൽകിയതിന്റെ മറുപടിയിൽ മേൽ സൂചിപ്പിച്ച സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം നൽകിയില്ല. തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടയ്ക്കാൻ ബാധ്യസ്ഥരായവരിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്ട് -നികുതി പുനർനിർണ്ണയിച്ച് ഈടാക്കി

1) 2019-20 വർഷത്തെ പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ അന്വേഷണ റിപ്പോർട്ടുകൾ, സൈറ്റ് പ്ലാൻ എന്നിവയിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം കാണിച്ച് ഓഡിറ്റ് എൻക്വയറി (23/16.11.21) നൽകിയതിനെ തുടർന്ന് ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്.

I) ഷാഹുൽ ഹമീദ്, രസീത് നമ്പർ 121040101367/18.11.2021-722/-

Ii) ശാരിമോൾ.പി.എസ്, രസീത് നമ്പർ 121040101366/18.11.2021-621/

2) ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് 2019-20 ൽ രണ്ടാം അർദ്ധവർഷം സ്ഥാപന നികുതി അടയ്ക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി (10/12.11.21) നൽകിയതിനെ തുടർന്ന് രസീത് നം.121040101372/18.11.21 - 1588/-രൂപ അടച്ചിട്ടുണ്ട്.

## 1-14 പദ്ധതി നിർവഹണം കാര്യക്ഷമമല്ല- ഫണ്ടുകൾ ലാപ്സാവുന്നു

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ആകെ ഏറ്റെടുത്ത 128 പദ്ധതികളിൽ 37 പദ്ധതികൾ നടപ്പാക്കിയില്ല. തൻവർഷം പദ്ധതി നിർവഹണത്തിനായി ലഭ്യമായ വിവിധ ഗ്രാന്റുകളിൽ നല്ലൊരു ഭാഗം ചെലവഴിക്കാനാവാതെ ലാപ്സായി പോവുകയും ചെയ്ത സാഹചര്യത്തിലാണ് ഇത്രയധികം പദ്ധതി നിർവഹിക്കാനാവാതെ വന്നതെന്നത് പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് ആവിഷ്കരിച്ചതിൽ ചെലവഴിക്കപ്പെടാതെ പോയ തുകയും തൻവർഷം ലാപ്സായ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വികസന ഫണ്ട് ജനറൽ | വികസന ഫണ്ട്- എസ്.സി.പി | ധനകര്യ കമ്മീഷൻ ഗ്രാന്റ് | സംരക്ഷണ ഗ്രാന്റ്- റോഡ് | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | ആകെ |
|---|---|---|---|---|---|---|
| തൻവർഷം നിർവഹിക്കപ്പെടാത്ത പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക | 2228111 | 221850 | 7382377 | 306230 | 1784000 | 11922568 |
| തൻവർഷം ലാപ്സായ തുക | 138610 | 522392 | 6859152 | 236590 | 1953925 | 9710669 |

തൻവർഷം നിർവഹിക്കപ്പെടാത്ത പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക ചെലവഴിക്കാനാവശ്യമായ ഫണ്ടിനോടടുത്ത തുക പഞ്ചായത്തിന് ലഭിച്ചിരുന്നുവെന്ന് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാം. യഥാസമയം നിർവഹണം നടത്താതിരുന്നതു മൂലം പഞ്ചായത്തിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാകുമായിരുന്ന

ഭീമമായ തുക ലാപ്സായി പോകുകയുണ്ടായി. ഭാവിയിൽ ഇപ്രകാരം വീഴ്ചകൾ ഉണ്ടാവാതെ നോക്കാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ- അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ തനത് ഫണ്ട് വൗച്ചർ (9/19 ലെ 21900463/24.9.19 നം. വൗച്ചർ) പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'വനം വകുപ്പുമായി സംയോജിപ്പിച്ച് തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ' പ്രവൃത്തിക്ക് ആവശ്യമായ 1100 കാറ്റാടിതൈകൾ 13.8.19 ന് പത്തിയൂർ വനം വകുപ്പ് നഴ്സറിയിൽ നിന്നും KL07-JY-4050 നം.ടിപ്പറിൽ വിവിധ വാർഡുകളിൽ എത്തിച്ച ഇനത്തിൽ കിഷോർ, വാടച്ചിറയിൽ, പള്ളിപ്പാട്ടുമുറി എന്നയാൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ സ്വാതിലക്ഷ്മി.എ.ജി.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ 4410/-രൂപ നൽകി.(ചെക്ക് നം.26319/24.9.19). വൗച്ചറിനോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ടിപ്പ് ഷീറ്റിലും അക്രഡിറ്റഡ് എഞ്ചിനീയറുടെ കത്തിലും വാഹന ഉടമ കിഷോർ 4410/-രൂപ ആവശ്യപ്പെട്ട് നൽകിയ കത്തിലും ടിപ്പറിന്റെ നമ്പർ രേഖപ്പെടുത്തിയിരിക്കുന്നത് KL07-JY-4050. മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ ഈ നമ്പറിലുള്ള വാഹനം ഇല്ല.

2) ടിപ്പ് ഷീറ്റിലെ യാത്രാതീയതി -12.8.19

അക്രഡിറ്റഡ് എഞ്ചിനീയറുടെ കത്തിലെ യാത്രാതീയതി -13.8.19

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 20 തീയതി.15/11/21) മറുപടി ലഭ്യമാക്കിയില്ല. ഇല്ലാത്ത വാഹനത്തിന്റെ പേരിൽ നൽകിയ വാഹനവാടക 4410/- രൂപ നിരാകരിക്കുന്നു.

## 1-16 കിഴങ്ങ് വർഗ്ഗ കൃഷി - അപാകതകൾ

2019-20 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 333200/-രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടാണ്, കിഴങ്ങ് വർഗ്ഗ കൃഷി. ചെറുകിട നാമമാത്ര കർഷകർക്ക് (പ്രോജക്ട് നം. S0019/20) ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെട്ട കിഴങ്ങ് വർഗ്ഗ കിറ്റ് നൽകുകയായിരുന്നു അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. VFPCK, Krishi Business Kendra, Ernakulam നിന്നും 333200/- രൂപ ചെലവഴിച്ച് (ബിൽ നം.2/19-20/26.2.20) കിറ്റൊന്നിന് 490/-രൂപ നിരക്കിൽ 680, Planting Material Tuber Kits വാങ്ങിയിട്ടുണ്ട്. എന്നാൽ കിറ്റിൽ ഏതൊക്കെ കിഴങ്ങ് വർഗ്ഗമെന്നോ എത്ര കിലോ വീതം വാങ്ങിയെന്നോ ഉള്ളതിന്റെ വിവരം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററിലും 680 കിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണ വിവരം ഹാജരാക്കിയിട്ടില്ല. കിഴങ്ങ് വർഗ്ഗം ഇനം തിരിച്ച് വാങ്ങി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി.11.11.21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാലും വാങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ ഏതൊക്കെയെന്ന് ബില്ലിൽ രേഖപ്പെടുത്താത്തതിനാലും ചെലവ് തുക 333200/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ഇ.എം.എസ് ലോൺ തിരിച്ചടവ്-ചെലവ് രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ടിന്റെ പേര് : ഇ.എം.എസ് ലോൺ തിരിച്ചടവ്

പ്രോജക്ട് നം. : 2/2020

അടങ്കൽ : തനത് ഫണ്ട് - 674450/-

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഗ്രാമ പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം Secured Loan From Co-operative Banks എന്നയിനത്തിൽ 674450/- രൂപ ബാധ്യത നിലനിന്നിരുന്നു. എന്നാൽ 2019-20 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം Secured Loan From Co-operative Banks എന്നയിനത്തിൽ യാതൊരുവിധ ബാധ്യതയും നിലനില്ക്കുന്നതായി രേഖപ്പെടുത്തലില്ല. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഈയിനത്തിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലൊ ഇൻകം & എക്സ്പൻടീച്ചർ സ്റ്റേറ്റ്മെന്റിലൊ ഇതുമായി ബന്ധപ്പെട്ട ചെലവുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. മാത്രവുമല്ല പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ എക്സ്പൻടീച്ചർ സ്റ്റേറ്റ്മെന്റിലും ഈ പദ്ധതിയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27 തീയതി.18.11.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-18 മാലിന്യ സംസ്കരണം- ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ പൂർണ്ണമല്ല

2019-20 സാമ്പത്തികവർഷം ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും 350000/-രൂപ വകയിരുത്തി വി.ഇ.ഒ. തൃക്കുന്നപ്പുഴ നിർവ്വഹണം ചെയ്ത പ്രോജക്ടാണ് മാലിന്യ സംസ്കരണം - ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ (പ്രോജക്ട് നം. -S0084/20).

ഹരിതകർമ്മ സേനക്ക് പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി വാഹനവാടക, പരിശീലനത്തിനായി IRTC ക്ക് തുക നൽകുക എന്നിവയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

I) ബിൽ നം.14/19-20/16.10.19 പ്രകാരം പിൻവലിച്ച 10000/-രൂപ ഡി.കെ.ഡിസൈൻസ്, കുമാരപുരം എന്ന സ്ഥാപനത്തിന് നൽകി.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | പ്ലാസ്റ്റിക് മാലിന്യ അറിയിപ്പ് നോട്ടീസ് | 10000 | 7500/- |
| 2 | ബാനർ(6X3) | 3 | 2500/- |

എന്നാൽ സ്ഥാപനം ക്രമ നം.1,2 ആയി സമർപ്പിച്ച ക്യാഷ് ബില്ലുകളിൽ ബിൽ നം., തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നം.24/19-20/18.1.20 പ്രകാരം പിൻവലിച്ച 37500/- രൂപ ഡി.കെ.ഡിസൈൻസ്, കുമാരപുരം എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ ഇത് ഏത് പ്രവർത്തിക്കുള്ളതെന്ന് ഫയിൽ രേഖപ്പെടുത്തിയിട്ടില്ല.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) 37500/- രൂപയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

2) 37500/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 തീയതി.16.11.21), ഹരിതകർമ്മസേനയുടെ വിവിധ പ്രവർത്തനങ്ങൾക്ക് ബാനറുകൾ, പ്ളക്കാർഡുകൾ, നോട്ടീസുകൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയാണ് 37500/- രൂപ എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ചെലവിനങ്ങൾക്കുള്ള ക്യാഷ് ബില്ലുകളിൽ ബിൽ നം.,തീയതി എന്നിവ രേഖപ്പെടുത്തിയത് മാത്രം ഉപയോഗിക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 37500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ട് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർതുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ | പി.എ.സി | എഗ്രിമെന്റ് നമ്പർ/മുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് |
|---|---|---|---|---|---|---|
| 1 | 0179/19മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം | ശ്രീ.അഖിൽ മുരളി | 298977 | 32/AE/LSGD/ 15.1.2019/200 | 300 | 100 |
| 2 | തൃക്കുന്നപ്പുഴ ഗവ. എൽ. പി.എസ് ഓപ്പൺ സ്റ്റേജ് നിർമ്മാണം | ശ്രീ.അഖിൽ മുരളി | 1036996 | 25/AE/LSGD/ 10.10.2018/200 | 1040 | 840 |
| 3 | കിഴക്കേക്കര എൽ.പി.എസ് അസംബ്ലിഹാൾ നിർമ്മാണം | ഷാഹുൽ ഹമീദ് | 907103 | 27/AE/LSGD/ 24.12.2018/600 | 910 | 310 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 42/19 ഇലഞ്ഞിമൂട് കടത്ത് കടവ് റോഡ് മെറ്റലിംഗ് ടാരിംഗ് | മുരളി അഖിൽ നിവാസ് | 399383 | 7/AE/LSGD/ 11.9.18/200 | 400 | 200 |
| 5 | 137/19 പള്ളിമുക്ക് അമ്പലശ്ശേരി റോഡ് | മുരളി അഖിൽ നിവാസ് | 642567 | 19/AE/LSGD/ 10.10.2018/200 | 650 | 450 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/15.11.21) ലഭ്യമാക്കിയ മറുപടിയിൽ 24.7.2019 മുതലാണ് സ്റ്റാമ്പ് പേപ്പർ വില പുതുക്കിയ ഉത്തരവ് നിലവിൽ വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. 1.4.2018 പ്രാബല്യത്തോടെയാണ് 1959 ലെ കേരള സ്റ്റാമ്പ് ആക്ട്, അമന്റ്മെന്റ് ആക്ട് 17 പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളത്. സ്റ്റാമ്പ് പേപ്പർ വിലയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സോഴ്സ് ഡിഡക്ഷൻ- യഥാസമയം ജി.ഒ പ്രോജക്ട് ആവിഷ്കരിച്ച് ഉൾപ്പെടുത്തിയില്ല

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം സ.ഉ(സാധാ)2772/2019/ധന തീയതി 03.04.2019 പ്രകാരമുള്ള ഉത്തരവ് പ്രകാരം വികസന ഫണ്ടിനത്തിൽ അനുവദിച്ചിട്ടുള്ള അലോട്ട്മെന്റിൽ നിന്നും കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശികയിനത്തിൽ 3871/-രൂപ സോഴ്സിൽ നിന്നും ഡിഡക്ട് ചെയ്തിരുന്നു. സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ ഈ തുകയ്ക്ക് അനുസൃതമായി ജി.ഒ പ്രോജക്ട് യഥാസമയം ആവിഷ്കരിച്ച് ഉൾപ്പെടുത്തിയിരുന്നില്ല. തന്മൂലം ഈ തുക പഞ്ചായത്തിന്റെ വാർഷിക കണക്കിലൊ, എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലൊ ഉൾപ്പെട്ട വന്നിട്ടില്ല. തുടർന്ന് ഓഡിറ്റ് വേളയിൽ എൻക്വയറിയിലൂടെ (നം.6 തീയതി 06.11.2021) ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തി മറുപടി ലഭ്യമാക്കി. എന്നാൽ യഥാസമയം ജി.ഒ പ്രോജക്ട് ആവിഷ്കരിച്ച് ഉൾപ്പെടുത്താതിരുന്നത് മൂലം ഓഡിറ്റിനായി സമർപ്പിച്ച ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഈ ചെലവ് ഉൾപ്പെട്ട വന്നിട്ടില്ല.

## 1-21 അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗിന് ആവശ്യമായ ചെലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.3/2020) ചന്ദ്രിക ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./ തീയതി | ബിൽ തുക | ലഭ്യമാവേണ്ട ഡിസ്കൌണ്ട് (15%) | ചെക്ക് നം./ തീയതി/ തുക |
|---|---|---|---|
| 335-DL/KCH17/ 18.06.2019 | 2520 | 378 | 29116/28.11.2019 - 10080/-രൂപ |
| 451-DL/KCH17/ 10.07.2019 | 2520 | 378 | |
| 629-DL/KCH17/ 17.08.2019 | 2520 | 378 | |
| 1003-DL/KCH17/ 31.10.2019 | 2520 | 378 | |
| 797-DL/KCH17/ 18.09.2019 | 2520 | 378 | 32250/30.03.2020- 6552/-രൂപ |
| 1195-DL/KCH19/ 08.12.2019 | 2016 | 302 | |
| 1526-DL/KCH19/ 01.02.2020 | 2016 | 302 | |

| | | | |
|---|---|---|---|
| ആകെ | | 2494/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 2494/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ ചന്ദ്രിക ദിനപ്പത്രം ഏറ്റവും കുറഞ്ഞ നിരക്കിലാണ് പരസ്യ ചാർജ് ഈടാക്കിയിട്ടുള്ളതെന്നും ഈ തുക ഡിസ്കൗണ്ട് കഴിച്ചതിനു ശേഷമുള്ള തുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ ചന്ദ്രിക ദിനപ്പത്രം ലഭ്യമാക്കിയിട്ടുള്ള പരസ്യ ചാർജിന്റെ ബില്ലിൽ ഡിസ്കൗണ്ട് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ പഞ്ചായത്തിന് അർഹമായ ഡിസ്കൗണ്ട് പത്രസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അവരിൽ നിന്നും നഷ്ടം ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും-ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നല്കി

പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയും സ്ഥാപിക്കലും

പ്രോജക്ട് നം. : 24/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 350000/-

ചെലവ് : 350000/- (1.ട്രഷറി ബിൽ നം.34 തീ.24.03.2020- 48950/-

2.ട്രഷറി ബിൽ നം.35 തീ.24.03.2020- 40500/-

3.ട്രഷറി ബിൽ നം.36 തീ.24.03.2020- 40500/-

4.ട്രഷറി ബിൽ നം.37 തീ.24.03.2020- 40500/-

5.ട്രഷറി ബിൽ നം.38 തീ.24.03.2020- 20250/-

6.ട്രഷറി ബിൽ നം.39 തീ.24.03.2020- 40500/-

7.ട്രഷറി ബിൽ നം.40 തീ.24.03.2020- 41850/-

8.ട്രഷറി ബിൽ നം.41 തീ.24.03.2020- 40500/-

9.ട്രഷറി ബിൽ നം.42 തീ.24.03.2020- 36450/-)

നിർവഹണം: സെക്രട്ടറി

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ പുതുതായി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുമായാണ് ഈ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിക്കായി 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതായി കാണുന്നു. ഇതിൽ അംഗീകരിക്കപ്പെട്ട ടെണ്ടർ സമർപ്പിച്ച കറന്റ് ഇലക്ട്രിക്കൽസ്, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഡോക്യുമെന്റിനൊപ്പം ടി സ്ഥാപനത്തിന്റെ ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് സമർപ്പിച്ചതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു നല്കിയ കറന്റ് ഇലക്ട്രിക്കൽസ് തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന് 350000/-രൂപ നല്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നല്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ കറന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സുനിൽ.പി എന്ന വ്യക്തിക്ക് ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുണ്ടെന്നും ടിയാനുമായുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ചു നല്കിയതെന്നുമാണ് വിശദമാക്കിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി പൂർത്തീകരിച്ച സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി കരാറുകാരന് അധിക തുക നല്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ ബിൽ നല്കിയപ്പോൾ ആകെ വേലമൂല്യം എടുക്കുന്നതിന് പകരം എസ്റ്റിമേറ്റ് തുക വച്ച് ബിൽ തയ്യാറാക്കിയതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | : 113/2020 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.അഹമ്മദുൽ കബീർ |
| അടങ്കൽ (റീവൈസ് ചെയ്തത്) | 110699/-/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 1,10,699/-<br>(1.ട്രഷറി ബിൽ നം.16 തീയതി 26.10.2019) |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 15.1% കുറവ് |
| ആകെ വേലമൂല്യം | 122498/-രൂപ (എം. ബുക്ക് നം.705 പേജ് നം. 4) |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (15.1%) | 18497/- രൂപ |
| കരാറുകാരന് അനുവദനീയമായ തുക (നികുതികൾ ഉൾപ്പെടെ) | 104001/-രൂപ |
| കരാറുകാരന് അനുവദിച്ച തുക (നികുതികൾ ഉൾപ്പെടെ) | 105718/-രൂപ (എം. ബുക്ക് നം.705 പേജ് നം. 7) |
| അധികമായി അനുവദിച്ച തുക | 1717/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നല്കിയ തുക (1717/-രൂപ) കരാറുകാനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും ഈ തുക ഈടാക്കാൻ സാധിക്കുന്നില്ലായെങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 പാനൂർ സ്കൂൾ ത്രീഫേസ് ആക്കുന്നത്- അധിക തുക തിരികെ ലഭ്യമായില്ല.

പ്രോജക്ടിന്റെ പേര് : പാനൂർ സ്കൂൾ ത്രീഫേസ് ആക്കൽ

പ്രോജക്ട് നം. : 110/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 26000/-

ചെലവ് : 26,000/- (1.ട്രഷറി ബിൽ നം.10 തീ.23.09.2019)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ പാനൂർ സ്കൂൾ ത്രീഫേസ് ആക്കുന്നതിനായി തൻവർഷം നല്കിയ 26000/-രൂപ ഉൾപ്പെടെ ആകെ 76000/-രൂപ (2018-19-ൽ 50000/-രൂപ ചെലാൻ നം.16219 തീയതി.23.03.2019) പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ട്. ആലപ്പുഴ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.10.2020-ലെ A7-3977/2018(2) നമ്പർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഈ പ്രവർത്തിയ്ക്കായി ആകെ ചെലവായ തുക 68885/-രൂപയാണ്. അവശേഷിക്കുന്ന തുക 7115/-രൂപ (76000-68885) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ലഭ്യമാക്കാൻ പി.ഡബ്ല്യു.ഡിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നറിയിച്ചു. അധികമായി ചെലവഴിച്ച തുക (7115/-രൂപ) തിരികെ ലഭ്യമാകുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് -സംബന്ധിച്ച്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം വിവിധ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ നാളിതുവരെയായും പൂർത്തീകരിച്ച് കംപ്ലീഷൻ/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം. : 25/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1032161/-

ജില്ലാ പഞ്ചായത്ത് വിഹിതം- 1032161/-

ആകെ - 2064322/-രൂപ

ചെലവ് : 17,00,000/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 850000/-

(1.ട്രഷറി ബിൽ നം.8 തീയതി 23.09.2019- 212223/-
2.ട്രഷറി ബിൽ നം.14 തീയതി 22.10.2019- 85503/-
3.ട്രഷറി ബിൽ നം.15 തീയതി 22.10.2019- 552274/-)
ജില്ലാ പഞ്ചായത്ത് വിഹിതം- 850000/-
(1.ട്രഷറി ബിൽ നം. 17തീയതി 15.11.2019- 350360/-
2.ട്രഷറി ബിൽ നം.18 തീയതി 15.11.2019- 212223/-
3.ട്രഷറി ബിൽ നം.19 തീയതി 15.11.2019- 287417/-)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതി പ്രകാരം തൻവർഷം ആകെ 1700000/-രൂപ രൂപ മേൽ ട്രഷറി ബില്ലുകൾ പ്രകാരം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷന്റെയും (779862/- രൂപ), കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന്റെയും (920138/-രൂപ) ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.പ്രോജക്ടിന്റെ പേര് : കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ
പ്രോജക്ട് നം. : 132/2020
അടങ്കൽ : തനത് ഫണ്ട് - 29522/-
ചെലവ് :29522/- (1.ചെക്ക് നം. 32213 തീയതി 17.02.2020-15856
2..ചെക്ക് നം. 23532 തീയതി 08.07.2019-13666)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ എന്നീ വാർഡുകളിൽ അപകടകരമായി നില്ക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. തൻവർഷം ഈ പദ്ധതി പ്രകാരം ആകെ 15856/-രൂപ കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും, 13666/-രൂപ ആറാട്ടുപുഴ ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും മേൽ ചെക്കുകൾ പ്രകാരം നിക്ഷേപിച്ചിരുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3.പ്രോജക്ടിന്റെ പേര് : വാർഡ് 5, 15, 16-ൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ
പ്രോജക്ട് നം. : 131/2020
അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 34000/-
ചെലവ് : 34,000/- (1.ട്രഷറി ബിൽ നം.11 തീയതി 23.09.2019-19000/- രൂപ
2.ട്രഷറി ബിൽ നം.20 തീയതി 15.11.2019-15000/- രൂപ)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ 5, 15, 16 എന്നീ വാർഡുകളിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതി നിർവഹിക്കുന്നതിലേക്കായി 125000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. തൻവർഷം മേൽ ബില്ലുകൾ പ്രകാരം 34000/-രൂപ കൂടി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതികളൊന്നും പൂർത്തീകരിക്കപ്പെട്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലായെന്നറിയിച്ചു. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (1763522/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ഇൻസ്റ്റലേഷൻ റിപ്പോർട്ടും ടാക്സ് ഇൻവോയ്സും-ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ
പ്രോജക്ട് നം. : 29/2020
അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1233000/-
ചെലവ് : 8,22,000/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 822000/-
(1.ട്രഷറി ബിൽ നം.29 തീ.27.02.2020- 367746/-
2.ട്രഷറി ബിൽ നം.30 തീ.27.02.2020- 454254/-)

ഈ പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 6 മിനിമാസ്റ്റ് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 8,22,000/-രൂപ (എട്ട് ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ) നിർവഹണ ഏജൻസിയായ കെൽട്രോണിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ

കെൽട്രോണിൽ നിന്നുള്ള 01.01.2020-ലെ TSD/PI/05/19-20 നമ്പർ പ്രൊഫോർമാ ഇൻവോയ്സ്, 29.01.2020-ലെ TSD/PI/07/19-20 നമ്പർ പ്രൊഫോർമാ ഇൻവോയ്സ് എന്നിവ പ്രകാരം മുഴുവൻ തുകയും അഡ്വാൻസായി മാറി നല്കുകയാണുണ്ടായത്. എന്നാൽ പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ് റിപ്പോർട്ടുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. കെൽട്രോണിൽ നിന്നുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പമുള്ള (നം.TSD/MKTG/342/2019-20 തീയതി 11.12.2019) കണ്ടീഷനുകളിൽ വർക്ക് ഓർഡറിനൊപ്പം 50% പേയ്മെന്റ് മുൻകൂർ ആയി നല്കിയാൽ മതിയെന്നും ബാക്കി തുക പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം നല്കിയാൽ മതിയെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ടും ടാക്സ് ഇൻവോയ്സും ഹാജരാക്കാതെ തന്നെ മുഴുവൻ തുകയും മുൻകൂറായി നല്കി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയോടൊപ്പവും ഇൻസ്റ്റലേഷൻ റിപ്പോർട്ടോ, ടാക്സ് ഇൻവോയ്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (822000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിന് മൂല്യ നിർണ്ണയം നടത്തി

കോതകേരി റോഡ് ഗ്രാവൽ വാർഡ് 14

വർക്ക് കോഡ്- 1611006007/RC/286305

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20ൽ നടപ്പിലാക്കിയ കോതകേരി റോഡ് ഗ്രാവൽ പദ്ധതിയുടെ അളവ് പുസ്തകം 92/19-20 പുറം 1 ലെ രേഖപ്പെടുത്തൽ അനുസരിച്ച് ക്വാറിമക്ക് 84$m^3$ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം പുറം 3 പ്രകാരം ഗ്രാവൽ 62$m^3$ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. എന്നാൽ 3-ാം ഇനമായി പുറം 6 അനുസരിച്ച് 128x3x0.35 = 134.4$m^3$ ചെയ്തതായും 4-ാം ഇനമായി ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് എന്നപ്രവൃത്തി 128x3x0.25 = 96.0$m^3$ ചെയ്തതായും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് യഥാർത്ഥത്തിൽ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 10% കണ്ടസോളിഡേഷനായി കുറവ് ചെയ്ത് ബാക്കി അളവ് മാത്രമേ ഫൈനൽ ബിൽ പേയ്മെന്റിനായി പരിഗണിക്കാവൂ എന്നിരിക്കെ സ്റ്റാക്ക് മെഷർമെന്റിനേക്കാൾ അധികം അളവിന് മൂല്യനിർണ്ണയം നടത്തിയതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റാക്ക് ചെയ്ത അളവ് | 10% വോയിഡ്സ് കുറവ് ചെയ്താൽ ഫില്ലിംഗിന് അനുവദിക്കാവുന്ന അളവ് | അനുവദിച്ച അളവ് | അധികം അനുവദിച്ച അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| ക്വാറിമക്ക് ഫില്ലിംഗ് | 84$m^3$ | 75.6$m^3$ | 134.4$m^3$ | 58.8$m^3$ | @1467.34/$m^3$ =86280 |
| ഗ്രാവൽ | 62$m^3$ | 55.8$m^3$ | 96$m^3$ | 40.2 | @1013.42/$m^3$ =41165 |
| | | | | ആകെ | 127445 |

പ്രവൃത്തിയുടെ ആകെ മൂല്യം 307043, കരാറുകാരൻ - സരസമ്മ, രാജ് കാവിറ്റി ബ്ലോക്ക്. അധികം ചെലവഴിച്ച 127445/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആകെ മെറ്റീരിയൽ ചാർജ്ജ്- FTO KL1611006007/3.4.2019- 176380/-

FTO KL1611006007/10.5.2019 - 114557/-ആകെ 290937/- ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 24/17.11.21) മറുപടി ലഭ്യമാക്കിയില്ല.

## 1-28 മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ - എസ്.ഒ 179/19

മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം

അടങ്കൽ- 300000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 298977.00, ബിൽ നമ്പർ- 1/13.6.19

കരാറുകാരൻ - ശ്രീ.അഖിൽ മുരളി,

എഗ്രിമെന്റ് നമ്പർ 32/AE/LSGD/ 15.1.2019, ബിൽ നമ്പർ 1/1920/ 13.6.19 - 285122

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ രണ്ടാമിനമായി 5Hp പമ്പ് ഉപയോഗിച്ച് ബെയിലിംഗ് ഔട്ട് വാട്ടർ എന്നയിനം അളവ് പുസ്തകം 33/18-19 പുറം 15 പ്രകാരം 80 മണിക്കൂർ ചെയ്തതായി രേഖപ്പെടുത്തി മണിക്കൂറിന് 285.44

രൂപ നിരക്കിൽ 22835/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി ചെയ്തത് സംബന്ധിച്ച DLR ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കൾവർട്ട്, വിംഗ് വാൾ എന്നിവയ്ക്കായി 8.55$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അതുപോലെ 10-ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ 71.82$m^3$ ചെയ്തിട്ടുണ്ട് (അളവ് പുസ്തകം പുറം 13). എസ്റ്റിമേറ്റിൽ തന്നെ എസ്കവേറ്റഡ് എർത്തിന്റെ 50% കുറവ് ചെയ്താണ് പത്താം ഇനത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണിന്റെ 50% കുറവ് ചെയ്യാതിരുന്നത് മൂലം 4.275$m^3$, (8.55$m^3$/2) മണ്ണിന് 855.54/$m^3$ നിരക്കിൽ 3657/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/15.11.21) ലഭ്യമാക്കിയ മറുപടിയിൽ 21.1.2019 ൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയശേഷം 25.2.2019 ലാണ് 10-ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ നടത്തിയതെന്നും അപ്പോഴേക്കും കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാൻ പറ്റാതായി എന്നുമാണ്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധിക ചെലവഴിച്ച 3657/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-29 ഫൈൻ ഈടാക്കിയതിൽ കുറവ്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തിയിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് കാണുന്നു.

പ്രോജക്ട് നമ്പർ - 96/19

തൃക്കുന്നപ്പുഴ ഗവ. എൽ. പി.എസ് ഓപ്പൺ സ്റ്റേജ് /അടുക്കള നിർമ്മാണം

അടങ്കൽ- 1148000/- റോഡ് മെയിന്റനൻസ് ഗ്രാന്റ് - 365000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-783000

കരാറുകാരൻ - ശ്രീ.അഖിൽ മുരളി, അളവ് പുസ്തകം 1/19-20, 17/18-19

എഗ്രീഡ് പി.എ.സി- 1036996/-

തൃക്കുന്നപ്പുഴ ഗവ. എൽ. പി.എസ് ഓപ്പൺ സ്റ്റേജ് /അടുക്കള നിർമ്മാണം എന്ന പ്രവൃത്തിക്കായി കരാറുകാരൻ 10.10.2018 ൽ എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രവർത്തിയുടെ പൂർത്തീക രണകാലയളവ് 6 മാസമാണ്. ഇതനുസരിച്ച് പ്രവൃത്തി 9.4.2019 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 4.6.2019 ൽ ആണ്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2116-1 പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് സൈറ്റ് കൈമാറിയില്ലെങ്കിൽ കാലതാമസം വരുത്തിയ ഓരോ ആഴ്ചയും പി.എ.സി യുടെ 0.1% നിരക്കിൽ ഫൈൻ ഈടാക്കുന്നതിന് പകരം ആകെ പ്രവർത്തിമൂല്യത്തിന്റെ 1% ഈടാക്കിയതുമൂലം ഫൈൻ ഇനത്തിൽ കുറവ് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | എഗ്രീഡ് പി.എ.സി | ആകെ പ്രവർത്തി മൂല്യം | കാലതാമസം | ഈടാക്കിയ ഫൈൻ തുക | 0.1% നിരക്കിൽ ഈടാക്കേണ്ട ഫൈൻ | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| അഖിൽ മുരളി | 1036996/- | 993285/- | 9.4.19 മുതൽ 4.6.19 വരെ 8 ആഴ്ച | 3624/- | 8296 | 4672/- | 2/13.6.19 |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/15.11.21) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-30 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - 0061/19

കിഴക്കേക്കര എൽ. പി.എസ് അസംബ്ലി ഹാൾ/കഞ്ഞിപ്പുര നിർമ്മാണം

അടങ്കൽ- 932475/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 907103.00, ബിൽ നമ്പർ-16/10.7.19 ആകെ ചെലവ് 763011

കരാറുകാരൻ - ശ്രീ.ഷാഹുൽ ഹമീദ്, വെള്ളിമുറ്റത്ത് കൺസ്ട്രക്ഷൻസ്

എഗ്രിമെന്റ് നമ്പർ 27/AE/LSGD/ 24.12.2018

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 8.10.2018 ൽ ആണ്. ഇത് പ്രകാരം 22.10.18 നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 24.12.2018 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ്

വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 27/AE/LSGD/ 24.12.2018 നമ്പർ എഗ്രിമെന്റ് വെച്ചിട്ടുള്ള മുദ്രപ്പത്രം (G-020085/14382) വാങ്ങിയിട്ടുള്ളത് 27.12.2018ൽ ആണ്. ഇപ്രകാരം മുദ്രപ്പത്രം വാങ്ങുന്നതിന് മുമ്പേതന്നെ ആ പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുക അസാധ്യമാണ്. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/15.11.21) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ ഇനത്തിൽ നഷ്ടം വന്ന 9071/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ മേൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കിഴക്കേക്കര എൽ.പി.എസ് അസംബ്ലി ഹാൾ/കഞ്ഞിപ്പുര നിർമ്മാണം-അധിക ചെലവ്

പ്രോജക്ട് നമ്പർ - 0061/19

കിഴക്കേക്കര എൽ. പി.എസ് അസംബ്ലി ഹാൾ/കഞ്ഞിപ്പുര നിർമ്മാണം

അടങ്കൽ- 932475/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 907103.00

കരാറുകാരൻ - ശ്രീ.ഷാഹുൽ ഹമീദ്, വെള്ളിമുറ്റത്ത് കൺസ്ട്രക്ഷൻസ്

എഗ്രിമെന്റ് നമ്പർ 27/AE/LSGD/ 24.12.2018

ബിൽ നമ്പർ-16/10.7.19 ആകെ ചെലവ് 763011

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

അസംബ്ലിഹാൾ പില്ലർ-2x8x0.45x0.45x0.45 = 1.458

ബേസ്മെന്റ് -1x20x0.30x0.50 = 3.00

ലെഫ്റ്റ് സൈഡ് 1x0.30x0.50 = 0.15

റൈറ്റ് സൈഡ് 4.4x 0.30x0.50= 0.66 ആകെ 5.268$m^3$ ഇതിൽ നിന്നും പില്ലർ പോർഷൻ (2x8x0.45x0.45= 3.24$m^3$) കുറവ് ചെയ്യണമെന്ന് എസ്റ്റിമേറ്റിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്തിട്ടില്ല. ഫൗണ്ടേഷന്റെ ഭാഗമാണ് പില്ലറെന്നതിനാൽ പില്ലർ പോർഷൻ കുറവ് ചെയ്യേണ്ടതായിരുന്നു.

ഇപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം 3.24$m^3$ ന് 249.502 രൂപ നിരക്കിൽ 630/- രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ രണ്ടാമിനം സിമന്റ് കോൺക്രീറ്റിംഗ് 1:4:8, താഴെപറയുന്ന അളവിൽ ആകെ 2.792$m^3$ ചെയ്തിട്ടുണ്ട്.

പില്ലർ -16x0.45x0.45x0.10 = 0.324

ബേസ്മെന്റ് -1x20x0.30x0.1 =0.6

1x1x0.30x0.1 =0.03

1x4.4x0.30x0.1 =0.132

ഫ്ലോറിംഗ്- 3.45x3.3x0.075 =0.853

North 3.45x3.3x0.075 =0.853 ആകെ 2.792$m^3$ ചെയ്തിട്ടുണ്ട്. ഫൗണ്ടേഷന്റെ ഭാഗമായുള്ള പില്ലർ അളവ് പുസ്തകം 45/18-19 പുറം 8 പ്രകാരം 2x8x0.45x0.45x0.55=1.78$m^3$ പ്രത്യേകം ചെയ്തിട്ടുണ്ടെന്നതിനാലും ഫൗണ്ടേഷന്റേയും ഫ്ലോറിംഗിന്റേയും ഭാഗമാണ് പില്ലറെന്നതിനാൽ പില്ലർ പോർഷൻ കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം രണ്ടാമിനം 1:4:8 സിമന്റ് കോൺക്രീറ്റിംഗിൽ (പില്ലർ) 16x0.45x0.45x0.10= 0.324$m^3$ന് 6714.677 രൂപ നിരക്കിൽ 2176/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ ആറാമിനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് സിമന്റ് കോൺക്രീറ്റിംഗ് 1:1.5:3 ആകെ 1.525$m^3$ ചെയ്തതിന് 9319.49/$m^3$നിരക്കിൽ 14212/-രൂപ നലകിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും പില്ലർ പോർഷൻ (2x8x0.45x0.45x0.15 = 0.486$m^3$) കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ 4529/-രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 7335/- (630+2176+4529) രൂപ ബന്ധപ്പെട്ടവരിൽ നിന്നോ

നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/15.11.21) കുറവ് ചെയ്യു എന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത് ആയത് അംഗീകരിക്കാവുന്നതല്ല.

## 1-32 KMSCL മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

2019-20 സാമ്പത്തികവർഷം പല്ലന ഗവ.ഫിഷറീസ് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങലിനായി വിവിധ പ്രോജക്ടുകളിൽ നിന്നും KMSCL ന് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

I)പ്രോജക്ട് നം. - S 0010/20

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ 2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

വകയിരുത്തൽ

വികസനഫണ്ട് - 700000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 300000/-

ആകെ അടങ്കൽ - 1000000/-

1) ബിൽ നം.8/19-20/16.10.19 തുക.200000/-

KMSCL ന്റെ 4.10.19 ലെ PRF 1457 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 56 ഇനം മരുന്നുകൾക്കായി 200000/- രൂപ നൽകി. എന്നാൽ 184910/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 15090/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) ബിൽ നം.12/19-20/18.1.20 തുക. 113329/-

KMSCL ന്റെ 12.10.19 ലെ PRF 1586 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 11 ഇനം മരുന്നുകൾക്കും മരുന്നുപകരണങ്ങൾക്കുമായി 113329/- രൂപ നൽകി. എന്നാൽ 109562/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 3767/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

II)പ്രോജക്ട് നം - S 0011/20

പ്രോജക്ടിന്റെ പേര് - ഫിഷറീസ് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

വകയിരുത്തൽ

മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) - 600000/-

1) ബിൽ നം.7/19-20/16.10.19 തുക.600000/-

KMSCL ന്റെ 4.10.19 ലെ PRF 1469 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 56 ഇനം മരുന്നുകൾക്കായി 600000/- രൂപ നൽകി. എന്നാൽ 555317/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 44683/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/10.11.21),KMSCL നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 63540/-രൂപ തടസ്സപ്പെടുത്തുന്നു (15090+3767+44683).

## 1-33 നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ, പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ രേഖാമൂലം ആവശ്യപ്പെടുകയോ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ ചെയ്യിട്ടില്ലാത്ത താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1 പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. കാല താമസം വരുത്തിയ ആദ്യത്തെ മൂന്ന് മാസക്കാലത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഫൈൻ

ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ/ എഗ്രിമെന്റ് തീയതി/ PAC | പൂർത്തിയാക്കേണ്ട തീയതി/ പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | | ഈടാക്കിയ ഫൈൻ | കുറവ് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|
| 1 | 0108/19 വാർഡ് 18 ൽ ചാത്തെങ്കേരി പള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ് | ഷെറീഫ് 13.3.2018/ പി.എ.സി- 363178 | 12.9.2018/ 24.3.2019 | 13.9.2018 മുതൽ 12.12.2018 വരെ | 363178x1% | 3632 | 00 | 3632 | 5/12.6.19 |
| | | | | 13.12.2018 മുതൽ 12.3.2019 വരെ | 363178x2% | 7264 | 00 | 7264 | |
| | | | | 13.3.2019 മുതൽ 24.3.2019 വരെ | 363178x 2% X12/90 | 968 | 00 | 968 | |
| ആകെ | | | | | | 11864 | 00 | 11864 | |
| 2. | 120/18 വാർഡ് 17 പല്ലന GLPS കിഴക്ക് പാണ്ടിക ശാല റോഡ് | വിനു.ആർ 4.12.17/ പി.എ.സി- 299596 | 3.6.18/ 13.2.2019 | 8 മാസം 4.6.18 മുതൽ 33.9.18 | 299596x1% | 2996 | 7942 | | |
| | | | | 4.9.18 മുതൽ 33.12.18 | 299596X2% | 5992 | | | |
| | | | | 4.12.18 മുതൽ 13.2.19 | 299596x 2%x 72/90 | 4794 | | | |
| ആകെ | | | | | | 13782 | 7942 | 5840 | 8/14.6.19 |
| 3 | ചാത്തെങ്കേരി പള്ളി റോഡ് രണ്ടാം ഘട്ടം | ഷെരീഫ്/ 12.9.18/ പി.എ.സി- 349246 | 11.11.18/ 25.2.19 | 12.11.18 മുതൽ 11.2.19 | 349246x1% | 3492 | 5821 | | |
| | | | | 12.2.19 മുതൽ 25.3.19 | 349246x 2%x 44/90 | 3415 | | | |
| | | ആകെ | | | | 6907 | 5821 | 1086 | 21/20.8.19 |
| 4 | 125/20 ചെങ്കിളി മേനാമ്പറമ്പിൽ റോഡ് നവീകരണവും | സുകുമാരൻ/ 19.9.18/ പി.എ.സി- 496827 | 18.11.18/ 22.8.2019 | 19.11.18 മുതൽ 18.2.19 | 496827x1% | 4968 | 6873 | 18411 | 25/11.10.19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സൈഡ് കെട്ടലും പ്രോജക്ട് | | | 19.2.19 മുതൽ 18.5.19 | 496827x2% | 9937 | | | |
| | | | | 18.5.19 മുതൽ 18.8.19 | 496827x2% | 9937 | | | |
| | | | | 19.8.19 മുതൽ 22.8.19 | 496827x 2% X4/90 | 442 | | | |
| | ആകെ | | | | | 25284 | 6873 | 18411 | |
| 5 | വളയനാട് വാഴതുണ്ടി യിൽ ഓട നിർമ്മാണം | ജയചന്ദ്രൻ/ 15.3.2019/ പി.എ.സി- 493557 | 15.3.19/ 14.7.2019 | 15.7.19 മുതൽ 14.10.2019 | 493557x1% | 4936 | 00 | 11078 | 37/13.3.20 |
| | | | | 15.10.10 മുതൽ 9.12.19 | 493557x 2%x 56/90 | 6142 | | | |
| | | ആകെ | | | | 11078 | 00 | 11078 | |
| | ആകെ | | | | | 68915 | 20636 | 48279 | |

ക്രമ നമ്പർ 3 പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യത്തിൽ (291069) നിന്നും ടെണ്ടർ കുറവ് 0.1% കുറവ് ചെയ്യാതിരുന്നതുമൂലം 291/-രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.11.21) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ കുറവ് വന്ന 48570/ (48279+291), രൂപ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഗുണഭോക്തൃവിഹിതം രണ്ടുതവണ അടവാക്കിയത് കൃഷി ഓഫീസർക്ക് തിരിച്ച് നൽകിയതിന്റെ വിനിയോഗവിവരമില്ല

2019-20 സാമ്പത്തികവർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ, 6/19 ലെ 21900199 നം. വൗച്ചർ പ്രകാരം കൃഷി ഓഫീസർക്ക് 6018/- രൂപ (ചെക്ക് നം.23522/25.6.19) നൽകി. പഞ്ചായത്ത് കമ്മറ്റിയുടെ 30.5.19 ലെ 9(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. കൃഷി ഓഫീസറുടെ കത്ത് പ്രകാരം 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച സമ്പൂർണ്ണ കേരഗ്രാമം എന്ന പ്രോജക്ടിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ബുക്ക് നം.21104 ലെ രസീത് നം.97-100 വരെയും ബുക്ക് നം.21108 ലെ രസീത് നം.1-100 വരെയും ബുക്ക് നം.21109 ലെ രസീത് നം.1-3 വരെയും ചേർത്ത് ആകെ 6018/-രൂപ 31.12.18 ൽ 118140101719 പ്രകാരം കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കിയിരുന്നു. എന്നാൽ കൈപ്പിഴ മൂലം ഇതേ ഗുണഭോക്താക്കളുടെ പേരിൽ തന്നെ ബുക്ക് നം.21110 ലെ രസീത് നം.1-100 വരെ തുകയായ 5576/- രൂപ 23.1.19 ൽ 118140101861 പ്രകാരവും ബുക്ക് നം.21111 ലെ രസീത് നം.1-7 വരെയും ചേർത്ത് 442/- രൂപയും 30.1.19 ൽ 118140101898 പ്രകാരവും കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കി. ആയതിനാൽ അധികമായി ഒടുക്കിയ 6018/-രൂപ തിരിച്ച് നൽകണമെന്ന് കൃഷി ഓഫീസർ ആവശ്യപ്പെട്ടത് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും തുക തിരിച്ച് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഗുണഭോക്താക്കളിൽ നിന്ന് ഒരേ പ്രോജക്ടിനായി 2 തവണ ഗുണഭോക്തൃവിഹിതം ഈടാക്കിയത് (ആകെ 6018/-രൂപ) തിരികെ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 തീയതി.11/11/21), മറുപടി നൽകിയില്ല. 107 ഗുണഭോക്താക്കളിൽ നിന്നായി അധികമായി ഈടാക്കിയ 6018/-രൂപ ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് നൽകി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 6018/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-35 കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയതിൽ കുറവ്

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. കൂടാതെ കാലിവീപ്പയുടെ വില തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്/പേര് | ഫണ്ടിനം./കരാറു കാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (ബാരൽ) | ഈടാക്കിയ തുക | 281രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 108/19 വാർഡ് 11ൽ ചാത്തെങ്കേരി പള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/ഷെറീഫ് | 6 | 1500 | 1686 | 186 | 5/12.6.19 |
| 2 | 105/18 ഗുരുമന്ദിരം ഗുർഖതറ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/ വിനു ആർ | 10 | 2500 | 2810 | 310 | 5/16.10.19 |
| 3 | 42/19 ഇലഞ്ഞിമൂട് കടത്ത് കടവ് റോഡ് മെറ്റലിംഗ് ടാറിംഗ് | സി.എഫ്.സി/ മുരളി അഖിൽ നിവാസ് | 6 | 1500 | 1686 | 186 | 19/20.8.19 |
| 4 | 137/19പള്ളിമുക്ക് അമ്പലശ്ശേരി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ്/ മുരളി അഖിൽ നിവാസ് | 8 | 2000 | 2248 | 248 | 20/20.8.19 |
| 5 | 121/20ചാത്തെങ്കേരി പള്ളി റോഡ് രണ്ടാം ഘട്ടം | സി.എഫ്.സി/ഷെറീഫ് | 5 | 1250 | 1405 | 155 | 21/20.8.19 |
| | ആകെ | | | | | 1085 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.11.21) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ കുറവ് വന്ന 1085/- രൂപയിൽ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-36 കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല

ചെങ്കിളി മേനാമ്പറമ്പിൽ റോഡ് നവീകരണവും സൈഡ് കെട്ടലും

പ്രോജക്ട് 125/20

കരാറുകാരൻ - സുകുമാരൻ

അടങ്കൽ 500000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

പി.എ.സി- 496827, ബിൽ നമ്പർ -25/11.10.19

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം 8/18-19 പുറം 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി എർത്ത് വർക്ക്

എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

53x0.80x0.60 = 25.44

22x0.8x0.6 = 10.57

5x0.9x0.60 = 2.70 ആകെ 38.70$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഇനം 5 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എംബാങ്ക്മെന്റ് ആന്റ് ബാക്കി ഫില്ലിംഗ് എന്ന പ്രവൃത്തി 128.32$m^3$ ചെയ്തിട്ടുണ്ട്. അഞ്ചാമിനം പ്രവൃത്തിചെയ്യുമ്പോൾ എസ്കവേറ്റഡ് എർത്തിന്റെ 50% കുറവ് ചെയ്യുന്ന രീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഇപ്രകാരം ഒന്നാമിനം പ്രവൃത്തിയുടെ 50% (38.70/2), 19.35$m^3$ കുറവ് ചെയ്തിട്ടില്ല. ആയതിനാൽ 19.35$m^3$ ന് 855.54/$m^3$ നിരക്കിൽ 16555/-രൂപ അധികം ചെലവുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച 16555/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/15.11.21) ലഭ്യമാക്കിയ മറുപടിയിൽ റോഡിന്റെ ഒരുവശം തോടാണെന്നും പ്രവൃത്തി നടപ്പിലാക്കിയ സമയത്ത് തോട്ടിൽ വെള്ളമുണ്ടായിരുന്നതിനാൽ കുഴിച്ചെടുത്ത മണ്ണ് ഗുണനിലവാരമുള്ളതായിരുന്നില്ല എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത വിവരങ്ങളൊന്നും തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 16555/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 1-37 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

വളയനാട് വാഴതുണ്ടിയിൽ ഓട നിർമ്മാണം

പ്രോജക്ട് 127/20

കരാറുകാരൻ - ജയചന്ദ്രൻ, മംഗലശ്ശേരിൽ

അടങ്കൽ 495000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

പി.എ.സി- 493557/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 163/18-19 നമ്പറായി അംഗീകാരം ലഭിച്ചിട്ടുള്ളതും സ്പിൽ ഓവറായി തുടരുന്ന പദ്ധതിയുമാണ്. കൂടാതെ കരാറുകാരൻ 7.3.2019 ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 41/18-19 നമ്പറായി 18.6.2018 ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. മേൽ എഗ്രിമെന്റ് വെച്ചിട്ടുള്ള 30AA 599321, 599322 നമ്പറായുള്ള മുദ്രപ്പത്രങ്ങൾ വാങ്ങിയിട്ടുള്ളത് 26.6.2018 ൽ ആണ്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ കാലയളവ് 4 മാസമാണ്. 7.3.2019 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 18.6.18 ൽ എഗ്രിമെന്റ് വെക്കുക എന്നത് അസാധ്യമാണ്. ഇതിൽ നിന്നും യഥാസമയം കരാറിലേർപ്പെടുകയോ പ്രവൃത്തി നടപ്പിലാക്കുകയോ ചെയ്യുന്നില്ല എന്ന് വ്യക്തമാകുന്നു. കൂടാതെ ഇതിൽ നിന്നും വ്യത്യസ്തമായി എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ ഒപ്പിട്ട തീയതി 15.3.2019 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരസ്പര വിരുദ്ധമായ രേഖപ്പെടുത്തലുകൾ രജിസ്റ്ററിലും കരാറിലും കടന്ന് കൂടിയത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 19/15.11.21) ക്ലറിക്കൽ മിസ്റ്റേക്കാണെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃവിഹിതം രണ്ടുതവണ അടവാക്കിയത് കൃഷി ഓഫീസർക്ക് തിരിച്ച് നൽകിയതിന്റെ വിനിയോഗവിവരമില്ല

2019-20 സാമ്പത്തികവർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ, 6/19 ലെ 21900199 നം. വൗച്ചർ പ്രകാരം കൃഷി ഓഫീസർക്ക് 6018/- രൂപ (ചെക്ക് നം.23522/25.6.19) നൽകി. പഞ്ചായത്ത് കമ്മറ്റിയുടെ 30.5.19 ലെ 9(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. കൃഷി ഓഫീസറുടെ കത്ത് പ്രകാരം 2018-19 വാർഷിക

പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച സമ്പൂർണ്ണ കേരഗ്രാമം എന്ന പ്രോജക്റ്റിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ബുക്ക് നം.21104 ലെ രസീത് നം.97-100 വരെയും ബുക്ക് നം.21108 ലെ രസീത് നം.1-100 വരെയും ബുക്ക് നം.21109 ലെ രസീത് നം.1-3 വരെയും ചേർത്ത് ആകെ 6018/-രൂപ 31.12.18 ൽ 118140101719 പ്രകാരം കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കിയിരുന്നു. എന്നാൽ കൈപ്പിഴ മൂലം ഇതേ ഗുണഭോക്താക്കളുടെ പേരിൽ തന്നെ ബുക്ക് നം.21110 ലെ രസീത് നം.1-100 വരെ തുകയായ 5576/- രൂപ 23.1.19 ൽ 118140101861 പ്രകാരവും ബുക്ക് നം.21111 ലെ രസീത് നം.1-7 വരെയും ചേർത്ത് 442/- രൂപയും 30.1.19 ൽ 118140101898 പ്രകാരവും കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കി. ആയതിനാൽ അധികമായി ഒടുക്കിയ 6018/-രൂപ തിരിച്ച് നൽകണമെന്ന് കൃഷി ഓഫീസർ ആവശ്യപ്പെട്ടത് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും തുക തിരിച്ച് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഗുണഭോക്താക്കളിൽ നിന്ന് ഒരേ പ്രോജക്റ്റിനായി 2 തവണ ഗുണഭോക്തൃവിഹിതം ഈടാക്കിയത് (ആകെ 6018/-രൂപ) തിരികെ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 8 തീയതി.11/11/21), മറുപടി നൽകിയില്ല. 107 ഗുണഭോക്താക്കളിൽ നിന്നായി അധികമായി ഈടാക്കിയ 6018/-രൂപ ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് നൽകി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 6018/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ- അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ, 9/19 ലെ 21900463/24.9.19 നം. വൗച്ചർ പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'വനം വകുപ്പുമായി സംയോജിപ്പിച്ച് തീരദേശത്ത് കാറ്റാടി വെച്ച് പിടിപ്പിക്കൽ' പ്രവൃത്തിക്ക് ആവശ്യമായ 1100 കാറ്റാടിതൈകൾ 13.8.19 ന് പത്തിയൂർ വനം വകുപ്പ് നഴ്സറിയിൽ നിന്നും KL07-JY-4050 നം.ടിപ്പറിൽ വിവിധ വാർഡുകളിൽ എത്തിച്ച ഇനത്തിൽ കിഷോർ, വാടച്ചിറയിൽ, പള്ളിപ്പാട്ടുമുറി എന്നയാൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ സ്വാതിലക്ഷ്മി.എ.ജി.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ 4410/-രൂപ നൽകി.(ചെക്ക് നം.26319/24.9.19). വൗച്ചറിനോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ടിപ്പ് ഷീറ്റിലും അക്രഡിറ്റഡ് എഞ്ചിനീയറുടെ കത്തിലും വാഹന ഉടമ കിഷോർ 4410/-രൂപ ആവശ്യപ്പെട്ട് നൽകിയ കത്തിലും ടിപ്പറിന്റെ നമ്പർ രേഖപ്പെടുത്തിയിരിക്കുന്നത് KL07-JY-4050. മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ ഈ നമ്പറിലുള്ള വാഹനം ഇല്ല.

2) ടിപ്പ് ഷീറ്റിലെ യാത്രാതീയതി -12.8.19

അക്രഡിറ്റഡ് എഞ്ചിനീയറുടെ കത്തിലെ യാത്രാതീയതി -13.8.19

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി.15/11/21) മറുപടി ലഭ്യമാക്കിയില്ല. ഇല്ലാത്ത വാഹനത്തിന്റെ പേരിൽ നൽകിയ വാഹനവാടക 4410/- രൂപ നിരാകരിക്കുന്നു.

## 3-3 അർഹമായ ഡിസ്കൗണ്ട് അവകാശപ്പെട്ടില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗിന് ആവശ്യമായ ചിലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്റ്റ് നം.3/2020) ചന്ദ്രിക ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | ലഭ്യമാവേണ്ട ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി/തുക |
|---|---|---|---|
| 335-DL/KCH17/ 18.06.2019 | 2520 | 378 | 29116/ 28.11.2019 - 10080/-രൂപ |
| 451-DL/KCH17/ 10.07.2019 | 2520 | 378 | |
| 629-DL/KCH17/ 17.08.2019 | 2520 | 378 | |

| | | | |
|---|---|---|---|
| 1003-DL/KCH17/ 31.10.2019 | 2520 | 378 | |
| 797-DL/KCH17/ 18.09.2019 | 2520 | 378 | 32250/30.03.2020- 6552/-രൂപ |
| 1195-DL/KCH19/ 08.12.2019 | 2016 | 302 | |
| 1526-DL/KCH19/ 01.02.2020 | 2016 | 302 | |
| ആകെ | | 2494/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 2494/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ ചന്ദ്രിക ദിനപത്രം ഏറ്റവും കുറഞ്ഞ നിരക്കിലാണ് പരസ്യ ചാർജ് ഈടാക്കിയിട്ടുള്ളതെന്നും ഈ തുക ഡിസ്കൗണ്ട് കഴിച്ചതിനു ശേഷമുള്ള തുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ ചന്ദ്രിക ദിനപത്രം ലഭ്യമാക്കിയിട്ടുള്ള പരസ്യ ചാർജിന്റെ ബില്ലിൽ ഡിസ്കൗണ്ട് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ പഞ്ചായത്തിന് അർഹമായ ഡിസ്കൗണ്ട് പത്രസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അവരിൽ നിന്നും നഷ്ടം ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 കിഴക്കേക്കര എൽ. പി.എസ് അസമ്പ്ലിഹാൾ/കഞ്ഞിപ്പുര നിർമ്മാണം-അധിക ചെലവ്

പ്രോജക്ട് നമ്പർ - 0061/19

കിഴക്കേക്കര എൽ.പി.എസ് അസംബ്ലി ഹാൾ/കഞ്ഞിപ്പുര നിർമ്മാണം

അടങ്കൽ- 932475/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 907103.00

കരാറുകാരൻ - ശ്രീ.ഷാഹുൽ ഹമീദ്, വെള്ളിമുറ്റത്ത് കൺസ്ട്രക്ഷൻസ്

എഗ്രിമെന്റ് നമ്പർ 27/AE/LSGD/ 24.12.2018

ബിൽ നമ്പർ-16/10.7.19 ആകെ ചെലവ് 763011

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

അസംബ്ലിഹാൾ പില്ലർ-2x8x0.45x0.45x0.45 = 1.458

ബേസ്മെന്റ് -1x20x0.30x0.50 = 3.00

ലെഫ്റ്റ് സൈഡ് 1x0.30x0.50 = 0.15

റൈറ്റ് സൈഡ് 4.4x0.30x0.50 = 0.66 ആകെ 5.268$m^3$ ഇതിൽ നിന്നും പില്ലർ പോർഷൻ (2x8x0.45x0.45= 3.24$m^3$) കുറവ് ചെയ്യണമെന്ന് എസ്റ്റിമേറ്റിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്തിട്ടില്ല. ഫൗണ്ടേഷന്റെ ഭാഗമാണ് പില്ലറെന്നതിനാൽ പില്ലർ പോർഷൻ കുറവ് ചെയ്യേണ്ടതായിരുന്നു.

ഇപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം 3.24$m^3$ ന് 249.502 രൂപ നിരക്കിൽ 630/- രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ രണ്ടാമിനം സിമന്റ് കോൺക്രീറ്റിംഗ് 1:4:8,താഴെപറയുന്ന അളവിൽ ആകെ 2.792$m^3$ചെയ്തിട്ടുണ്ട്.

പില്ലർ -16x0.45x0.45x0.10 = 0.324

ബേസ്മെന്റ് -1x20x0.30x0.1 =0.6

1x1x0.30x0.1 =0.03

1x4.4x0.30x0.1 =0.132

ഫ്ലോറിംഗ്- 3.45x3.3x0.075 =0.853

North 3.45x3.3x0.075 =0.853 ആകെ 2.792$m^3$ ചെയ്തിട്ടുണ്ട്. ഫൗണ്ടേഷന്റെ ഭാഗമായുള്ള പില്ലർ അളവ് പുസ്തകം 45/18-19 പുറം 8 പ്രകാരം 2x8x0.45x0.45x0.55=1.78$m^3$ പ്രത്യേകം ചെയ്തിട്ടുണ്ടെന്നതിനാലും ഫൗണ്ടേഷന്റേയും ഫ്ലോറിംഗിന്റേയും ഭാഗമാണ് പില്ലറെന്നതിനാൽ പില്ലർ പോർഷൻ കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം രണ്ടാമിനം 1:4:8സിമന്റ് കോൺക്രീറ്റിംഗിൽ (പില്ലർ)16x0.45x0.45x0.10= 0.324$m^3$ ന്

6714.677 രൂപ നിരക്കിൽ 2176/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ ആറാമിനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് സിമന്റ് കോൺക്രീറ്റിംഗ് 1:1.5:3 ആകെ 1.525$m^3$ ചെയ്തതിന് 9319.49/$m^3$ നിരക്കിൽ 14212/-രൂപ നലകിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും പില്ലർ പോർഷൻ (2x8x0.45x0.45x0.15 = 0.486 $M^3$) കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ 4529/-രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 7335/- (630+2176+4529) രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/15.11.21) കുറവ് ചെയ്തു എന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത് ആയത് അംഗീകരിക്കാവുന്നതല്ല.

## 3-5 മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ - എസ്.ഒ 179/19

മീനത്ത് മൂലയിൽ കൾവർട്ട് നിർമ്മാണം

അടങ്കൽ- 300000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 298977.00, ബിൽ നമ്പർ- 1/13.6.19

കരാറുകാരൻ - ശ്രീ.അഖിൽ മുരളി,

എഗ്രിമെന്റ് നമ്പർ 32/AE/LSGD/ 15.1.2019, ബിൽ നമ്പർ 1/1920/ 13.6.19 - 285122

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ രണ്ടാമിനമായി 5Hp പമ്പ് ഉപയോഗിച്ച് ബെയിലിംഗ് ഔട്ട് വാട്ടർ എന്നയിനം അളവ് പുസ്തകം 33/18-19 പുറം 15 പ്രകാരം 80 മണിക്കൂർ ചെയ്തതായി രേഖപ്പെടുത്തി മിക്കറിന് 285.44രൂപ നിരക്കിൽ 22835/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി ചെയ്തത് സംബന്ധിച്ച DLR ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കൾവർട്ട്, വിംഗ് വാൾ എന്നിവയ്ക്കായി 8.55$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അതുപോലെ 10-ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ 71.82$m^3$ ചെയ്തിട്ടുണ്ട് (അളവ് പുസ്തകം പുറം 13). എസ്റ്റിമേറ്റിൽ തന്നെ എസ്കവേറ്റഡ് എർത്തിന്റെ 50% കുറവ് ചെയ്താണ് പത്താം ഇനത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണിന്റെ 50% കുറവ് ചെയ്യാതിരുന്നത് മൂലം 4.275$m^3$, (8.55$m^3$/2) മണ്ണിന് 855.54/$m^3$ നിരക്കിൽ 3657/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/15.11.21) ലഭ്യമാക്കിയ മറുപടിയിൽ 21.1.2019 ൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയശേഷം 25.2.2019 ലാണ് 10-ാം ഇനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ, ബാക്ക് ഫില്ലിംഗ് എന്നിവ നടത്തിയതെന്നും അപ്പോഴേക്കും കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാൻ പറ്റാതായി എന്നുമാണ്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധിക ചെലവഴിച്ച 3657/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-6 കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല

ചെങ്കിളി മേനാമ്പറമ്പിൽ റോഡ് നവീകരണവും സൈഡ് കെട്ടലും

പ്രോജക്ട് 125/20

കരാറുകാരൻ - സുകുമാരൻ

അടങ്കൽ 500000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

പി.എ.സി- 496827, ബിൽ നമ്പർ -25/11.10.19

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം 8/18-19 പുറം 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

53x0.80x0.60 = 25.44

22x0.8x0.6 = 10.57

5x0.9x0.60 = 2.70 ആകെ 38.70$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഇനം 5 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എംബാങ്ക്മെന്റ് ആന്റ് ബാക്കി ഫില്ലിംഗ് എന്നപ്രവൃത്തി 128.32$m^3$ ചെയ്തിട്ടുണ്ട്. അഞ്ചാമിനം പ്രവൃത്തി ചെയ്യുമ്പോൾ എസ്കവേറ്റഡ് എർത്തിന്റെ 50% കുറവ് ചെയ്യുന്ന രീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഇപ്രകാരം ഒന്നാമിനം പ്രവൃത്തിയുടെ 50% (38.70/2), 19.35$m^3$ കുറവ് ചെയ്തിട്ടില്ല. ആയതിനാൽ 19.35$m^3$ ന് 855.54/$m^3$ നിരക്കിൽ 16555/-രൂപ അധികം ചെലവുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച

16555/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/15.11.21) ലഭ്യമാക്കിയ മറുപടിയിൽറോഡിന്റെ ഒരുവശം തോടാണെന്നും പ്രവൃത്തി നടപ്പിലാക്കിയ സമയത്ത് തോട്ടിൽ വെള്ളമുണ്ടായിരുന്നതിനാൽ കുഴിച്ചെടുത്ത മണ്ണ് ഉണനിലവാരമുള്ളതായിരുന്നില്ല എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത വിവരങ്ങളൊന്നും തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 16555/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിന് മൂല്യ നിർണ്ണയം നടത്തി

കോതകേരി റോഡ് ഗ്രാവൽ വാർഡ് 14

വർക്ക് കോഡ്- 1611006007/RC/286305

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20ൽ നടപ്പിലാക്കിയ കോതകേരി റോഡ് ഗ്രാവൽ പദ്ധതിയുടെ അളവ് പുസ്തകം 92/19-20 പുറം1 ലെ രേഖപ്പെടുത്തൽ അനുസരിച്ച് ക്വാറിമക്ക് 84$m^3$ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം പുറം 3 പ്രകാരം ഗ്രാവൽ 62$m^3$ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. എന്നാൽ 3-ാം ഇനമായി പുറം 6 അനുസരിച്ച് 128x3x0.35 = 134.4$m^3$ ചെയ്തതായും 4-ാം ഇനമായി ഫില്ലിംഗ് വിത്ത് കോൺട്രാക്ടേട്ട് ഓൺ എർത്ത് എന്ന പ്രവൃത്തി 128x3x0.25 = 96.0$m^3$ ചെയ്തതായും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് യഥാർത്ഥത്തിൽ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 10% കണ്ടസോളിഡേഷനായി കുറവ് ചെയ്ത് ബാക്കി അളവ് മാത്രമേ ഫൈനൽ ബിൽ പേയ്മെന്റിനായി പരിഗണിക്കാവൂ എന്നിരിക്കെ സ്റ്റാക്ക് മെഷർമെന്റിനേക്കാൾ അധികം അളവിന് മൂല്യനിർണ്ണയം നടത്തിയതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റാക്ക്ചെയ്ത അളവ് | 10%വോയിഡ്സ് കുറവ് ചെയ്താൽ ഫില്ലിംഗിന് അനുവദിക്കാവുന്ന അളവ് | അനുവദിച്ച അളവ് | അധികം അനുവദിച്ച അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| ക്വാറിമക്ക് ഫില്ലിംഗ് | 84$m^3$ | 75.6$m^3$ | 134.4$m^3$ | 58.8$m^3$ | @1467.34/$m^3$ =86280 |
| ഗ്രാവൽ | 62$m^3$ | 55.8$m^3$ | 96$m^3$ | 40.2 | @1013.42/$m^3$ =41165 |
| | | | | ആകെ | 127445 |

പ്രവൃത്തിയുടെ ആകെ മൂല്യം 307043, കരാറുകാരൻ - സരസമ്മ, രാജ് കാവിറ്റി ബ്ലോക്ക്. അധികം ചെലവഴിച്ച 127445/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആകെ മെറ്റീരിയൽ ചാർജ്ജ്- FTO KL1611006007/3.4.2019- 176380/-

FTO KL1611006007/10.5.2019 - 114557/-ആകെ 290937/- ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 24/17.11.21) മറുപടി ലഭ്യമാക്കിയില്ല.

## 3-8 തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി-കരാറുകാരന് അധിക തുക നല്കി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ ബിൽ നല്കിയപ്പോൾ ആകെ വേലമൂല്യം എടുക്കുന്നതിന് പകരം എസ്റ്റിമേറ്റ് തുക വച്ച് ബിൽ തയ്യാറാക്കിയതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 113/2020 |
| പ്രോജക്ടിന്റെ പേര് | : | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി |
| നിർവ്വഹണം | : | സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.അഹമ്മദുൽ കബീർ |
| അടങ്കൽ (റീവൈസ് ചെയ്തത്) | : | 110699/-/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | : | 1,10,699/- (1.ട്രഷറി ബിൽ നം.16 തീ.26.10.2019) |

| | |
|---|---|
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 15.1% കുറവ് |
| ആകെ വേലമൂല്യം | 122498/-രൂപ (എം ബുക്ക് നം.705 പേജ് നം. 4) |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (15.1%) | 18497/- രൂപ |
| കരാറുകാരന് അനുവദനീയമായ തുക (നികുതികൾ ഉൾപ്പെടെ) | 104001/-രൂപ |
| കരാറുകാരന് അനുവദിച്ച തുക (നികുതികൾ ഉൾപ്പെടെ) | 105718/-രൂപ (എം ബുക്ക് നം.705 പേജ് നം. 7) |
| അധികമായി അനുവദിച്ച തുക | 1717/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നല്കിയ തുക ( 1717/-രൂപ) കരാറുകാനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും ഈ തുക ഈടാക്കാൻ സാധിക്കുന്നില്ലായെങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി കരാറുകാരന് അധിക തുക നല്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ ബിൽ നല്കിയപ്പോൾ ആകെ വേലമൂല്യം എടുക്കുന്നതിന് പകരം എസ്റ്റിമേറ്റ് തുക വച്ച് ബിൽ തയ്യാറാക്കിയതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | : 113/2020 |
| പ്രോജക്ടിന്റെ പേര് | : തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.അഹമ്മദുൽ കബീർ |
| അടങ്കൽ (റീവൈസ് ചെയ്തത്) | 110699/-/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 1,10,699/-<br>(1.ട്രഷറി ബിൽ നം.16 തീയതി 26.10.2019) |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 15.1% കുറവ് |
| ആകെ വേലമൂല്യം | 122498/-രൂപ (എം. ബുക്ക് നം.705 പേജ് നം. 4) |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (15.1%) | 18497/- രൂപ |
| കരാറുകാരന് അനുവദനീയമായ തുക (നികുതികൾ ഉൾപ്പെടെ) | 104001/-രൂപ |
| കരാറുകാരന് അനുവദിച്ച തുക (നികുതികൾ ഉൾപ്പെടെ) | 105718/-രൂപ (എം. ബുക്ക് നം.705 പേജ് നം. 7) |
| അധികമായി അനുവദിച്ച തുക | 1717/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി.15.11.2021) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നല്കിയ തുക (1717/-രൂപ) കരാറുകാനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും ഈ തുക ഈടാക്കാൻ സാധിക്കുന്നില്ലായെങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| | 2019-20 | 850000 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 850000 | 00 |
| | 2019-20 | 10200000 | ലൈഫ് മിഷൻ- ഭവന നിർമ്മാണ പദ്ധതി | 10200000 | 00 |
| | 2019-20 | 39025 | സുജലം പദ്ധതി- പള്ളിമുക്ക് പിഴക്കിലാത്ത് തോട് നവീകരണം | 39025 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 | 00 |
| | 2019-20 | 299997 | പാലിയേറ്റീവ് കെയർ പദ്ധതി | 299997 | 00 |
| | 2019-20 | 95264 | പാലിന് സബ്സിഡി | 95264 | 00 |
| | 2019-20 | 2960000 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണ പൂർത്തീകരണം | 2960000 | 00 |
| | 2019-20 | 500000 | എസ്.സി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 00 | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 776282/5.11.19 | 1700000 | 00 | 1700000 |
| PWD ELECTRICAL SECTION | പാന്തുർ സ്കൂൾ ത്രീ ഫേസ് ആക്കൽ | 573035/17.9.19 | 26000 | 26000 | 00 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 007000/23.9.19 | 34000 | 00 | 34000 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 007001/23.9.19 | 29522 | 29522 | 00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/ത.സ്വ.ഭ.വ 18.8.2018 | 29060000 | 35149310 | 5076957 | | 59132353 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124122159 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107239922 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 169631 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3026877 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 6018 | ശ്രീമതി. മീര, കൃഷി ഓഫീസർ |
| 3-2 | 00 | 4410 | ശ്രീമതി.ശ്രീദേവി.പി സെക്രട്ടറി |
| 3-3 | 00 | 756 | ശ്രീമതി. സബീന, സെക്രട്ടറി |
| | | 1134 | ശ്രീമതി.ശ്രീദേവി.പി സെക്രട്ടറി |
| | | 604 | ശ്രീ.ടി.ഉല്ലാസ് കുമാർ സെക്രട്ടറി |
| 3-4 | | 7335 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3657 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 16555 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-7 | | 127445 | ശ്രീമതി. സബീന, സെക്രട്ടറി |
| 3-8 | 00 | 1717 | ശ്രീമതി.ശ്രീദേവി.പി സെക്രട്ടറി |
| ആകെ | | 169631 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 150000 | ശ്രീ. മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 333200 | ശ്രീമതി. മീര, കൃഷി ഓഫീസർ |
| 1-18 | 37500 | ശ്രീ.അരുൺകുമാർ, വി.ഇ.ഒ തൃക്കുന്നപ്പുഴ |
| 1-24 | 7115 | ശ്രീമതി.ശ്രീദേവി.പി, സെക്രട്ടറി |
| 1-25 | 1763522 | ശ്രീമതി.ശ്രീദേവി.പി, സെക്രട്ടറി |
| 1-26 | 822000 | ശ്രീ.ടി.ഉല്ലാസ് കുമാർ, സെക്രട്ടറി |
| 1-32 | 63540 | ഡോ.ശരത്, മെഡിക്കൽ ഓഫീസർ ഫിഷറീസ് ഹോസ്പിറ്റൽ |
| ആകെ | 3026877 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1900 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീദേവി.പി സെക്രട്ടറി | സെക്രട്ടറി, ചിങ്ങോലി പഞ്ചായത്ത് | പെരുങ്കുന്നത്ത്, ചിങ്ങോലി പി.ഒ |
| ശ്രീമതി. സബീന, സെക്രട്ടറി | സെക്രട്ടറി,ചെന്നിത്തല പഞ്ചായത്ത് | ആലുംമൂട്ടിൽ,സബിമൻസിൽ കായംകുളം |

| | | |
|---|---|---|
| ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ച | ഷൈലജഭവനം ചുനക്കരനോർത്ത് 690534 |
| ശ്രീമതി. മീര, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുലശേഖരപുരം | തയ്യിൽ വീട് കിളികൊല്ലൂർ പി.ഒ കൊല്ലം 691004 |
| ശ്രീ.അരുൺകുമാർ വി.ഇ.ഒ തൃക്കുന്നപ്പുഴ | വി.ഇ.ഒ തൃക്കുന്നപ്പുഴ | റോഡ്ചിറ ചിങ്ങോലി പി.ഒ |
| ഡോ.ശരത്, മെഡിക്കൽ ഓഫീസർ ഫിഷറീസ് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ ഫിഷറീസ് ഹോസ്പിറ്റൽ | പറമ്പിൽ ഹൗസ് എസ്.എൽ.പുരം ചേർത്തല |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 To 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-1-2012 |
| 2000-01 | എൽ.എഫ്.എ-ജി.എ12./256/05, തീയതി. 18-5-2005 |
| 2001-2002 | എൽ.എഫ്.എ-ജി.എ12./912/06, തീയതി. 10-11-06 |
| 2002-03 | എൽ.എഫ്.എ-ജി.എ12/1667/07, തീയതി. 28.07.2008 |
| 2003-04 | എൽ.എഫ്.എ12-1245/09, തീയതി. 12.03.09/18.04.09 |
| 2004-05 | എൽ.എഫ്.എ-പി3-178(1)/12, 05.10.2012/12.10.2012 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12, 05.10.2012/12.10.2012 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12, 05.10.2012/12.10.2012 |
| 2007-08 | എൽ.എഫ്.എ-പി3-178(4)/12, 14.03.2013 |

| | |
|---|---|
| 2008-09 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ.5-1577/13, 15.05. |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി3-739/13, 02.01.2014/07.02.2014 |
| 2012-13 | എൽ.എഫ്.എ-പി3-131/15, തീയതി. 21.03.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി3-217/16, 15.03.16/26.03.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി3-834/16, 30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1311/16, 21.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി3-1323/17, 07.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി-പി3-15/19, തീയതി. 07.02.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി-പി3-912/19, തീയതി. 15.01.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം

**Thrikkunnappuzha Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 20651610.13 |
| Cash | Cash | RP-40(a) | 126994.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 713890.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 340518.00 |
| 150000000 | Sale & Hire Charges | RP-5 | 178417.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52992429.00 |
| 171000000 | Interest Earned | RP-9 | 192992.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 35482811.00 |
| 350000000 | Other Liabilities | RP-36 | 658882.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 95461.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 1260.00 |
| 311000000 | Earmarked Funds | RP-29 | 34282.00 |
| 330000000 | Secured Loans | RP-32 | 29060000.00 |
| 340000000 | Deposits Received | RP-34 | 175701.00 |
| 350000000 | Other Liabilities | RP-36 | 2067690.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2120063.00 |
| 460000000 | Loans, Advances and Deposits | RP-47 | 7763.00 |
| | **Grand total** | | **144900763.13** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2569328.00 |
| 220000000 | Administrative Expenses | RP-12 | 829684.00 |
| 230000000 | Operations & Maintenance | RP-13 | 1685268.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2802539.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42940951.00 |

Page No : 1

Digitally signed by ULLAS
Date: 2020.05.21 14:16:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 460699.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2250368.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3249480.00 |
| 255000000 | Maintenance Projects | RP-20 | 2419597.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 284600.00 |
| 280000000 | Prior Period item | RP-26 | -10030.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 70238.00 |
| 350000000 | Other Liabilities | RP-36 | 5249411.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 3483.00 |
| 280000000 | Prior Period Item | RP-26 | -450.00 |
| 330000000 | Secured Loans | RP-32 | 34860.00 |
| 340000000 | Deposits Received | RP-34 | 215246.00 |
| 350000000 | Other Liabilities | RP-36 | 2719120.00 |
| 410000000 | Fixed Assets | RP-38 | 6790253.00 |
| 440000000 | Pre-paid Expenses | RP-45 | 28280000.00 |
| 460000000 | Loans, Advances and Deposits | RP-47 | 4395277.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 37636681.13 |
| Cash | Cash | RP-40(b) | 24160.00 |
| | **Grand Total** | | **144900763.13** |

## Thrikkunnappuzha Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2971887.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4(b) | 419018.00 |
| 150000000 | Sale & Hire Charges | I-5(b) | 178417.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 171372933.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 192992.00 |
| 180000000 | Other Income | I-9 | 1260.00 |
| | **Total Income** | | **175136507.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9356535.00 |
| 220000000 | Administrative Expenses | I-11(b) | 879684.00 |
| 230000000 | Operations & Maintenance | I-12(b) | 1702806.00 |
| 240000000 | Interest & Finance Charges | I-13 | 3483.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2802539.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 127856696.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 530366.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2578868.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 19970080.00 |
| 255000000 | Maintenance Projects | I-14(e) | 2419597.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 284600.00 |
| 272000000 | Depreciation | I-17(a) | 5137902.00 |
| | **Total Expenditure** | | **173523156.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1613351.00** |
| 280000000 | Prior Period Item | I-18 | 646554.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **966797.00** |



Digitally signed by ULLAS
Date: 2020.05.21 14:16:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# Thrikkunnappuzha Grama Panchayat
## BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 10304653.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 34802.00 |
| 312000000 | Reserves | B-3 | 88107647.00 |
| | **Total Reserve & Surplus** | | **98447102.33** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 19284129.00 |
| | **Total Grants, Contributions for Specific Purposes** | | **19284129.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 59132353.00 |
| | **Total Loans** | | **59132353.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 676045.00 |
| 350000000 | Other Liabilities | B-9 | 2255858.80 |
| | **Total Current Liabilities and Provisions** | | **2931903.80** |
| | **TOTAL LIABILITIES** | | **179795488.13** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 91618480.00 |
| 411000000 | Accumulated Depreciation | B-11 | -16302905.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **75315575.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 545057.00 |
| 440000000 | Pre-paid Expenses | B-16 | 58072353.00 |
| 450000000 | Cash and Bank Balance | B-17 | 37660841.13 |
| 460000000 | Loans, Advances and Deposits | B-18 | 8201662.00 |



Digitally signed by ULLAS
Date: 2020.05.21 14:15:5
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Total Current Assets, Loans and Advances** | **104479913.13** |
| | **Other Assets** | |
| | **Miscellaneous Expenditure (To the Extent not written off)** | |
| | **TOTAL ASSETS** | **179795488.13** |